# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്(1)

**2023 മെയ് 24**

---

**എം.ജി. ബി.എഡ് ഏകജാലകം 2023;**
**ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ഒന്നാം വർഷ ബി.എഡ് പ്രോഗ്രാമുകളിൽ ഏകജാലക പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

എയ്ഡഡ് കോളജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്ക് ഇത്തവണ മുതൽ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സർവകലാശാലയാണ് അലോട്ട്മെൻറ് നടത്തുക.

കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിയിൽ അതത് കമ്മ്യൂണിറ്റികളിൽപ്പെട്ട എയ്ഡഡ് കോളജുകളിലേക്കു മാത്രമേ അപേക്ഷിക്കാൻ കഴിയൂ.

മാനേജ്മെൻറ് ക്വാട്ട പ്രവേശനത്തിന് അപേക്ഷകർ കോളജുകളിൽ ഓൺലൈൻ ക്യാപ്പ് അപേക്ഷാ നമ്പർ നൽകണം. ക്യാപ്പ് വഴി അപേക്ഷിക്കാത്തവർക്ക് മാനേജ്ൻറ് ക്വാട്ടയിൽ അപേക്ഷിക്കാൻ കഴിയില്ല. സ്പോർട്സ് ക്വാട്ടയിലും ഭിന്നശേഷിക്കാർക്കുള്ള ക്വാട്ടയിലും അപേക്ഷിക്കുന്നവരും ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം.

സംവരണാനുകൂല്യത്തിനുള്ള രേഖകളുടെ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണം. പട്ടികജാതി,പട്ടികവർഗ വിഭാഗങ്ങളിൽ പെട്ടവർ ജാതി സർട്ടിഫിക്കറ്റും എസ്.ഐ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ടവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഇ.ഡബ്ല്യു.എസ് സംവരണാനുകൂല്യത്തിന് റവന്യു അധികാരികൾ നൽകുന്ന ഇൻകം ആൻറ് അസ്സറ്റ്സ് സർട്ടിഫിക്കറ്റും അപ്ലോഡ് ചെയ്യണം.

എൻസി.സി, എൻ.എസ്.എസ് ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രം ഹാജരാക്കണം. വിമുക്തഭടന്മാരുടെയും സൈനികരുടെയും ആശ്രിതർക്കുള്ള ബോണസ് മാർക്കിന് ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ നിന്നുള്ള സാക്ഷ്യപത്രമാണ് വേണ്ടത്. ഈ ആനുകൂല്യത്തിന് ആർമി,നേവി,എയർഫോഴ്സ് എന്നീ വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.

വിവിധ പ്രോഗ്രാമുകൾക്ക് കോളജുകളിൽ അടയ്ക്കേണ്ട ഫീസ് സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.പൊതു വിഭാഗത്തിന് 1300 രൂപയും പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാർക്ക് 650 രുപയുമാണ് അപേക്ഷാ ഫീസ്.

കൂടുതൽ വിവരങ്ങൾക്ക് 0481-2733511, 0481-2733521, 0481-2733518 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. ഇ-മെയിൽ: bedcap@mgu.ac.in

(പി.ആർ.ഒ/39/557/2023)

## <u>അവസാന സെമസ്റ്റർ ബിരുദ പരീക്ഷാ ഫലം; പുനർ മൂല്യ നിർണയത്തിന് ജൂൺ അഞ്ചു വരെ അപേക്ഷിക്കാം</u>

എം.ജി സർവകലാശാലയിലെ 2020 അഡ്മിഷൻ ബിരുദ വിദ്യാർഥികളുടെ അവസാന സെമസ്റ്റർ ബിരുദ പരീക്ഷാ ഉത്തര കടലാസുകളുടെ പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ അഞ്ചുവരെ ഓൺലൈനിൽ അ പേക്ഷ സമർപ്പിക്കാം. ഓഫ്ലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

മെയ് 20ന് പ്രസിദ്ധീകരിച്ച പരീക്ഷാ ഫലവും വിവിധ പ്രോഗ്രാമുകളുടെ പൊസിഷൻ ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകളും പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും ജൂൺ 15നു മുൻപ് കോളജുകളിൽ എത്തിക്കും. അതിനു മുൻപ് ഈ രേഖകൾ സർവകലാശാലയിൽ നിന്നും വിദ്യാർഥികൾക്ക് നേരിട്ട് നൽകുന്നതല്ല.

പുനർമൂല്യനിർണയം, ഇംപ്രൂവ്മെൻറ് ഫലങ്ങൾ കാത്തിരിക്കുന്നവരുടെയും ഗ്രേസ് മാർക്കിനു അർഹരായവരുടെയും അന്തിമ ഗ്രേഡ് കാർഡ് ഈ ഫലങ്ങൾ പ്രസിദ്ധീകരിച്ച ശേഷമേ ലഭ്യമാകൂ.

ഇംപ്രൂവ്മെൻറ്, റീവാല്യുവേഷൻ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഗ്രേസ് മാർക്ക് കൂടി ചേർത്ത് കൺസോളിഡേറ്റഡ് കാർഡ് ആവശ്യമുള്ളവർ സർവകലാശാല വെബ്സൈറ്റിലുള്ള ഡിക്ലറേഷൻ ഫോം പൂരിപ്പിച്ച് ഫോമിലുള്ള ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം. മറ്റു വിദ്യാർഥികൾ ഡിക്ലറേഷൻ ഫോം പൂരിപ്പിച്ചു നൽകേണ്ടതില്ല.

(പി.ആർ.ഒ/39/558/2023)

## <u>എം.ബി.എ; മെയ് 31 വരെ അപേക്ഷിക്കാം</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ കോഴ്സിലേക്ക് മെയ് 31 വരെ അപേക്ഷ സമർപ്പിക്കാം.

കൂടുതൽ വിവരങ്ങൾ www.admission.mgu.ac.in എന്ന ലിങ്കിൽ . ഫോൺ – 8714976955

(പി.ആർ.ഒ/39/559/2023)

## പരീക്ഷാ ടൈം ടേബിൾ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്(2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറ്, മെഴ്സി ചാൻസ്) ബി.എ ഇംഗ്ലീഷ് – ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ ആൻറ് ജേണലിസം (3 മെയിൻ) – മോഡൽ 3 കോഴ്സിൻറെ പരീക്ഷയിൽ ഇംഗ്ലീഷ് ലിറ്ററേച്ചർ ഫ്രം വിക്ടോറിയൻ ടു പോസ്റ്റ് മോഡേൺ പിരീഡ് എന്ന വിഷയം കൂടി ഉൾപ്പെടുത്തി. പരീക്ഷ ജൂൺ 15 ന് നടക്കും.

(പി.ആർ.ഒ/39/560/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം – 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് – ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് ജൂൺ ആറു മുതൽ ഒൻപതു വരെ ഫീസടച്ച് അപേക്ഷിക്കാം.

ജൂൺ 10 മുതൽ 12 വരെ പിഴയോടു കൂടിയും ജൂൺ 13ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

..................................

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം(2020 അഡ്മിഷൻ റഗുലർ – പുതിയ സ്കീം, 2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് – പഴയ സ്കീം) പരീക്ഷകൾക്ക് നാളെ(മെയ് 26) വരെ ഫീസടച്ച് അപേക്ഷിക്കാം.

മെയ് 27 മുതൽ 29 വരെ പിഴയോടു കൂടിയും മെയ് 30ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

......................................

പ്രൈവറ്റ് രജിസ്ട്രേഷൻ അഞ്ചാം സെമസ്റ്റർ ബി.എ, ബി.കോം (സ്പെഷ്യൽ സപ്ലിമെൻററി 2020 അഡ്മിഷൻ) പരീക്ഷകൾക്ക് ജൂൺ മുന്നു മുതൽ ആറു വരെ ഫീസടച്ച് അപേക്ഷിക്കാം.

ജൂൺ ഏഴിനും എട്ടിനും പിഴയോടു കൂടിയും ജൂൺ ഒൻപതിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിദ്യാർഥികൾ പരീക്ഷാഫിസിനൊപ്പം ഒരു പേപ്പറിന് 40 രൂപ നിരക്കിൽ(പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/561/2023)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് – ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്(പുതിയ സ്കീം – 2021,2022 അഡ്മിഷനുകൾ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും – മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ ഒന്നു മുതൽ അതത് കോളജുകളിൽ നടക്കും.

.................................

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോ കെമിസ്ട്രി (സി.എസ്.എസ് – 200 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021, 2020, 2019 അഡ്മിഷനുകൾ സപ്ലിമെൻററി – മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒന്നു മുതൽ അതത് കോളജുകളിൽ നടക്കും.

.....................

നാലാം സെമസ്റ്റർ സുവോളജി മോഡൽ(1,2,3) സി.ബി.സി.എസ്(2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് – മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ രണ്ടു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

...........................

നാലാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിന്റനൻസ് ആൻ ഇലക്ട്രോണിക്സ് (സി.ബി.സി.എസ് – 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് – മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ അഞ്ചു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

....................................

മൂന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി(സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി – ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒന്നു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

...................................

നാലാം സെമസ്റ്റർ ബോട്ടണി മോഡൽ(1,2,3) സി.ബി.സി.എസ്(2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് – മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ ആറു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/562/2023)

## <u>വൈവ വോസി</u>

ഒന്നാം സെമസ്റ്റർ ഇംഗ്ലീഷ് കോമൺ(സി.ബി.സി.എസ്.എസ് – 2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും – മെയ് 2023) പരീക്ഷയുടെ വൈവ വോസി മെയ് 29നു രാവിലെ 10.30 മുതൽ എം.ജി. സർവകലാശാലയിലെ പരീക്ഷാ ഭവനിൽ നടത്തും.

(പി.ആർ.ഒ/39/563/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ മലയാളം(പി.ജി.സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ആറു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.........................

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി (ഓണേഴ്സ് – 2021 അഡ്മിഷൻ റഗുലർ – ജൂൺ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ജൂൺ ഏഴു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

.........................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഡാറ്റ അനലിറ്റിക്സ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2019 അഡ്മിഷൻ സപ്ലിമെൻററി – നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ഏഴു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

..................................

രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്–ഡാറ്റ അനലിറ്റിക്സ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2019 അഡ്മിഷൻ സപ്ലിമെൻററി – നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ഏഴു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

..................................

രണ്ടാം സെമസ്റ്റർ എം.എ എക്കണോമെട്രിക്സ് (പി.ജി.സി.എസ്.എസ് –

റഗുലർ,ഇംപ്രൂവ്മെന്റ്,സപ്ലിമെന്ററി – നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ഏഴു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/564/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**